"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

നം.ഡിഎ1/208/2020-തസ്വഭവ
തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 22/09/2020

<u>സർക്കുലർ</u>

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - ഓൺലൈൻ വിദ്യാഭ്യാസത്തിന് ലാപ് ടോപ് - കെ.എസ്.എഫ്.ഇ. കുടുംബശ്രീയുമായി ചേർന്ന് നടത്തുന്ന 'വിദ്യാശ്രീ' സ്കീം - അധിക നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:-

1. 20.01.2020-ലെ ഡിഎ1/363/2019/തസ്വഭവ സർക്കുലർ
2. സ.ഉ.(സാധാ)നം.408/2020/നി.വ., തീയതി 18.06.2020
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 12.08.2020-ൽ നടന്ന യോഗത്തിന്റെ തീരുമാനം 3.10

***********************

വിദ്യാർത്ഥികൾക്ക് ഓൺലൈൻ മുഖേനയുള്ള വിദ്യാഭ്യാസ രീതിക്ക് അനിവാര്യ പഠനോപകരണമായ ലാപ് ടോപ് ലഭ്യമാക്കുന്നതിന് കെ.എസ്.എഫ്.ഇ. കുടുംബശ്രീയുമായി ചേർന്ന് 'വിദ്യാശ്രീ' എന്ന സ്കീം നടപ്പാക്കുന്നുണ്ട്. 500 രൂപ വീതം 30 മാസതവണകളായി അടച്ച് ആകെ 15,000/- രൂപ വരുന്ന ഈ സൂക്ഷ്മ സമ്പാദ്യ പദ്ധതിയിൽ ചേരുന്നവർക്ക് ആദ്യ മൂന്ന് തവണകൾ അടച്ചു തീരുമ്പോൾ (15,00/- രൂപ) 15,000/- രൂപയിൽ താഴെ വില വരുന്ന ലാപ് ടോപ് ലഭിക്കും. ഓൺ ലൈൻ വിദ്യാഭ്യാസത്തിന് വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതിന് പരമാവധി ഈ സ്കീം പ്രയോജനപ്പെടുത്തേണ്ടതും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ ഇടപെടൽ ഉണ്ടാകേണ്ടതുമാണ്.

എന്നാൽ ബിരുദം, ബിരുദാന്തര ബിരുദം, പോളിടെക്നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ്(ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം) ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതിന് ഐ.റ്റി മിഷൻ ഡയറക്ടറുടെ ശുപാർശ പ്രകാരം സൂചിത സർക്കുലറിലെ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ് ടോപ് തന്നെ നൽകേണ്ടതാണ്. കെ.എസ്.എഫ്.ഇ.യുടെ പദ്ധതി പ്രകാരമുള്ള ലാപ് ടോപുകൾ ഈ വിദ്യാർത്ഥികൾക്ക് പ്രയോജനപ്രദമല്ലാത്തതിനാൽ ഈ സ്കീമിൽ (വിദ്യാശ്രീ) അപ്രകാരമുള്ളവ ഉൾപ്പെടുത്താവുന്നതല്ല.

**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഇ., തൃശ്ശൂർ
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by SURESH KUMAR K
Date: 2020.09.22 14:59:00 IST
Reason: Approved

സെക്ഷൻ ഓഫീസർ.